പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1872 | 07/03/2017 ൽ മറുപടി നല്കേണ്ടിയിരുന്നത്

(അന്തിമ മറുപടി)

## ദുരിതാശ്വാസത്തിനായി ഓൺ ലൈൻ അപേക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് ഓൺ ലൈനായി മാത്രം അപേക്ഷിച്ചാൽ മതി എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | (എ) ഓൺ ലൈനായി മാത്രം അപേക്ഷിച്ചാൽ മതി എന്ന് നിഷ്കർഷിച്ചിട്ടില്ല |
| (ബി) എം.എൽ.എ.മാർ വഴി ദുരിതാശ്വാസ അപേക്ഷ നൽകുന്നതിന് വില്ലേജ്, താലൂക്ക് ഓഫീസുകളിൽ നിന്ന് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) അപേക്ഷകൾ നേരിട്ട് സമർപ്പിക്കുന്നതിന് തടസ്സം ഉണ്ടോ; | (സി) നേരിട്ട് സമർപ്പിക്കാൻ തടസ്സമില്ല. എങ്കിലും ഓൺ ലൈൻ സംവിധാനം നിലവിൽ വന്നതിനാൽ ആ രീതിയാണ് പ്രോത്സാഹിപ്പിക്കപ്പെടുന്നത് |
| (ഡി) ഏതു മാസം വരെ അപേക്ഷ സമർപ്പിച്ചവർക്ക് ദുരിതാശ്വാസ തുക ലഭ്യമായിട്ടുണ്ട്, വ്യക്തമാക്കുമോ? | (ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ